## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7065** **16/07/2012 ൽ മറുപടിക്ക്**

## വിദ്യാർത്ഥികളുടെ പഠന ഭാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ : | | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | പുതിയ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഓരോ വിദ്യാർത്ഥിയും സ്കൂളിലും വീട്ടിലുമായി എത്ര മണിക്കൂർ പഠനത്തിനു വേണ്ടി ചെലവഴിക്കേണ്ടിവരുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | എ) | കുട്ടികളുടെ പഠന ഭാരം പരിഗണിച്ചാണ് സ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. അധ്യാപക സഹായികളിൽ ഇതിന്റെ വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. പ്രൈമറി ക്ലാസ്സുകളിൽ ഹോംവർക്കുകൾ നൽകരുതെന്ന് പ്രത്യേക നിർദ്ദേശം തന്നെ നൽകിയിട്ടുണ്ട്. |
| ബി) | വീട്ടിലെത്തുന്ന വിദ്യാർത്ഥിക്ക് വിശ്രമിക്കുന്നതിനും വിനോദത്തിൽ ഏർപ്പെടുന്നതിനും ഒട്ടും തന്നെ സമയം അനുവദിക്കാത്ത വിധം പഠനഭാരം അടിച്ചേല്പിക്കപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | കേരള സംസ്ഥാനത്ത് എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ പാഠ്യപദ്ധതി ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമാണ്. ഉള്ളടക്കഭാരം വർദ്ധിപ്പിക്കുന്ന തരത്തിലുള്ള സമീപനം സ്വീകരിച്ചിട്ടില്ല. വിനോദത്തിനും ഉല്ലാസത്തിനുമെല്ലാം അവസരമൊരുക്കുന്ന വിധമാണ് ഇത് ചിട്ടപ്പെടുത്തിയിട്ടുള്ളത്. |
| സി) | വിദ്യാർത്ഥികളിൽ മാനസിക സമ്മർദ്ദം കൂടുന്ന വിധം പഠനഭാരം കൂടുന്നതായി ഏതെങ്കിലും പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ? | സി) | പഠനഭാരം വർദ്ധിക്കുന്നതായി റിപ്പോർട്ടുകളിൽ ഒന്നും തന്നെ സൂചിപ്പിച്ചിട്ടില്ല. നിലവിലുള്ള സ്കൂൾ പാഠ്യപദ്ധതി ( 1 മുതൽ 10 വരെ) എൻ.സി.ഇ.ആർ.ടി പാഠ്യപദ്ധതിയുമായി താരതമ്യം ചെയ്യുന്ന ഒരു പഠനം എസ്.സി.ഇ.ആർ.ടി ഏറ്റെടുത്തിട്ടുണ്ട്. അതിന്റെ ഫലം പുറത്തുവരുമ്പോൾ കൂടുതൽ വ്യക്തമായ ചിത്രം ലഭ്യമാവും |

സെക്ഷൻ ഓഫീസർ